(ഡി) ഈ രീതിയിൽ ലാഭമുണ്ടാക്കണമെങ്കിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ എത്ര കണ്ട് വർദ്ധിപ്പിക്കണമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) യു.പി.യിൽ വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളായി വിഭജിച്ചപ്പോൾ അവിടത്തെ ജീവനക്കാർ നടത്തിയ സമരത്തോട് സംസ്ഥാന വൈദ്യുതി ബോർഡിലെ ജീവനക്കാർ അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് പണിമുടക്കു നടത്തിയിരുന്നോ ;

(എഫ്) സംസ്ഥാന വൈദ്യുതി ബോർഡിനെ ലാഭ കേന്ദ്രങ്ങൾ ആക്കിയതിൽ പ്രതിഷേധിച്ച് സംസ്ഥാന വൈദ്യുതി ബോർഡ് ജീവനക്കാർ സമരം നടത്തുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) സംസ്ഥാന വൈദ്യുതി ബോർഡിനെ, പൊതുമേഖലയിൽ നിർത്തിക്കൊണ്ട് തന്നെ മൂന്ന് കേന്ദ്രങ്ങളായി പുന:സംഘടിപ്പിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഉൽപാദനം, പ്രസരണം, വിതരണം ഇങ്ങനെ മൂന്ന് ലാഭകേന്ദ്രങ്ങളായാണ് പുന:സംഘടിപ്പിച്ചിട്ടുള്ളത്.

(സി) ഇവ വെവ്വേറെ ലാഭമുണ്ടാക്കേണ്ടതായി വ്യവസ്ഥയില്ല.

(ഡി) പ്രസക്തമല്ല.

(ഇ) യു.പി.യിൽ ലാഭകേന്ദ്രങ്ങൾ തുടങ്ങിയതായി അറിവില്ല. യു.പി. ഇലക്ട്രിസിറ്റി ബോർഡിനെ വിഭജിച്ച് പ്രത്യേകം കമ്പനികളാക്കുന്നതിൽ പ്രതിഷേധിച്ച് അവിടത്തെ ജീവനക്കാർ പണിമുടക്കിയപ്പോൾ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിലെ വിവിധ സംഘടനകൾ ഒരു ദിവസത്തെ സൂചനാ പണിമുടക്ക് നടത്തി അനുഭാവം പ്രകടിപ്പിച്ചിരുന്നു.

(എഫ്) ഇല്ല.

ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് പ്രകാരം ഉപഭോക്താവിനെതിരെ നടപടി

63 (215) ശ്രീ. പാലോട് രവി :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സുധാകരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുന്ന കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് ഉപകാരപ്രദമാണെന്ന് വൈദ്യുതിബോർഡ് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാർഡിൽ പറയുന്നതിനേക്കാൾ കൂടുതൽ കണക്ടഡ് ലോഡ് ഉപഭോക്താവിന് ഉണ്ടോ ; കൂടുതൽ വൈദ്യുതി ഉപഭോക്താവ് ഉപയോഗിക്കുന്നുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ടിന്റെ 42,43 വകുപ്പുകൾ പ്രകാരം ഉപഭോക്താവിനെതിരെ നടപടി എടുക്കണമെന്ന് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത വകുപ്പുകൾ അനുസരിച്ച് എടുക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത് സംബന്ധിച്ച് ഉപഭോക്താക്കളുടെ ഇടയിൽ വ്യാപകമായ അറിയിപ്പ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൺസ്യൂമർ കാർഡുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(സി) പ്രസക്തമല്ല.

(ഡി) കൺസ്യൂമർ കാർഡ് സംബന്ധിച്ച് വ്യാപകമായ അറിയിപ്പ് നൽകിയിട്ടുണ്ട്.

വൈദ്യുതി ഉൽപാദനവിതരണ മേഖലകളിലെ പരിഷ്ക്കാരങ്ങൾ

64 (216) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് വൈദ്യുതി ഉൽപാദന-വിതരണ-പ്രസരണ മേഖലകളിൽ ഗവൺമെന്റ് എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സ്വകാര്യമേഖലയിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി ഏതെങ്കിലും സ്വകാര്യസംഘടനകൾ ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1. നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക.

LIBRARY ARCHIVES Kerala Legislative Assembly